**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി. മായ.കെ.ഐപ്പിന് അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത ഭാഗം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ)നം. 3770/2017/തസ്വഭവ തീയതി,തിരുവനന്തപുരം, 23/11/2017

=================================================================

പരാമർശം: 1. സ.ഉ(സാധാ)നം.2002/14/തസ്വഭവ, തീയതി 01.08.2014.
2. ശ്രീമതി മായ.കെ.ഐപ്പിന്റെ 19.09.2017 ലെ അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 23.10.2017 ലെ ഇ 6-33962/17 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി. മായ.കെ.ഐപ്പിന് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 04.08.2014 മുതൽ 03.02.2015 വരെ കെ എസ് ആർ ഭാഗം I, ചട്ടം 88(ii) ൽ ഇളവ് വരുത്തി ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക് പരിഗണിയ്ക്കുകയില്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. ടിയാൾ 04.08.2014 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും എന്നാൽ അവധിക്കാലയളവ് തീരുന്നതിന് മുമ്പ് 01.01.2015 ൽ ജോലിയിൽ പുന:പ്രവേശിയ്ക്കുകയും ചെയ്തു. ആയതിനാൽ ടിയാൾക്ക് അനുവദിച്ച ശൂന്യവേതനാവധിക്കാലയളവിൽ ടിയാൾ വിനിയോഗിക്കാത്ത 01.01.2015 മുതലുള്ള ശൂന്യവേതനാവധി കാലയളവ് റദ്ദ് ചെയ്യുന്നതിന് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു.

2.സർക്കാർ ഇക്കാര്യം പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീമതി. മായ.കെ.ഐപ്പിന് പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിയ്ക്കാത്ത 01.01.2015 മുതൽ 03.02.2015 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്. വി.പി**

**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, തുമ്പമൺ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീമതി. മായ.കെ.ഐപ്പ്, ക്ലാർക്ക്, തുമ്പമൺ ഗ്രാമപഞ്ചായത്ത്,പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(298/ഇപിഎ 1/17/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ